# 2

# ന്യായപ്രമാണത്തിന് മുമ്പുള്ള ആരാധന

ആരാധനയെ കുറിച്ച് ദൈവം ആദാമിനോടും ഹവ്വയോടും എന്തു പറഞ്ഞിരുന്നു എന്നു ബൈബിൾ വ്യക്തമാക്കുന്നില്ല. ഏദെൻ തോട്ടത്തിൽനിന്നു പുറത്താക്കപ്പെടുന്നതുവരെ അവർക്ക് ദൈവവുമായി ആശയവിനിമയം നേരിട്ടു നടത്തുവാനും ഒരുപക്ഷെ വ്യക്തിപരമായി ദൈവത്തെ ആരാധിക്കുവാനും കഴിഞ്ഞിരിക്കാം. അവർ ദൈവത്തിൽനിന്നു വേർപെടുന്നതിനു മുൻപും അതിനുശേഷവും ആരാധിച്ചിരുന്നോ, എങ്ങനെ ആരാധിച്ചിരുന്നു എന്നൊന്നും വെളിപ്പെടുത്തിയിട്ടില്ല.

ബൈബിളിൽ ആദ്യമായി ആരാധനയെ കുറിച്ച് പറഞ്ഞിരിക്കുന്നത് കയ്യീന്റേയും ഹാബേലിന്റേയുമാണ് (ഉൽപത്തി 4:3–5). ന്യായപ്രമാണത്തിൻ കീഴിൽ ധാന്യങ്ങൾ അർപ്പിച്ചിരുന്നത് ദൈവം സ്വീകരിച്ചതിനാൽ, കയ്യീന്റെ യാഗത്തിൽ ദൈവം പ്രസാദിക്കാതിരുന്നത് അവൻ എന്ത് അർപ്പിച്ചു എന്നതിനാലല്ല, മറിച്ച് അവന്റെ മനോഭവം ആയിരുന്നു ശരിയല്ലാതിരുന്നത് എന്ന് ചില ആളുകൾ കരുതുന്നു.

> വിശ്വാസത്താൽ ഹാബേൽ ദൈവത്തിന് കയ്യീന്റേതിലും ഉത്തമമായ യാഗം കഴിച്ചു. അതിനാൽ അവന്നു നീതിമാൻ എന്ന സാക്ഷ്യം ലഭിച്ചു. ദൈവം അവന്റെ വഴിപാടിന്റെ സാക്ഷ്യം കൽപിച്ചു. മരിച്ച ശേഷവും അവൻ വിശ്വാസത്താൽ സംസാരിച്ചുകൊണ്ടിരിക്കുന്നു (എബ്രായർ 11:4).

ഹാബേൽ "വിശ്വാസത്താൽ," യാഗം അർപ്പിച്ചു എന്നു പറയുമ്പോൾ, കയ്യീൻ വിശ്വാസത്താലല്ല യാഗമർപ്പിച്ചത് എന്നു വരുന്നു. എന്തു യാഗം കഴിക്കണമെന്നും വഴിപാട് അർപ്പിക്കണമെന്നും ഒന്നുകിൽ ആദാമിൽ കൂടെയോ അല്ലെങ്കിൽ നേരിട്ടോ ദൈവം വെളിപ്പെടുത്തിയിരിക്കും. ഹാബേൽ വെറുമൊരു മൃഗത്തെയല്ല യാഗമർപ്പിച്ചത്, പിന്നെയോ കൂട്ടത്തിൽ മേദസുള്ളതിനെയാണ് അർപ്പിച്ചത് (ഉൽപത്തി 4:4). അവൻ അങ്ങനെ ചെയ്തതിനാൽ, ദൈവം അവനെ നീതിമാനായി സാക്ഷ്യം കൽപിച്ചു (എബ്രായർ 11:4).

"കയ്യീന്റെ പ്രവൃത്തി ദോഷമുള്ളതും സഹോദരന്റേത് നീതിയുള്ളതുമായിരുന്നു" എന്ന് യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു (1 യോഹന്നാൻ 3:12). ദൈവം ആവശ്യപ്പെടുന്നത് വിശ്വാസത്താൽ ചെയ്യുന്നതാണ് ദൈവമുൻപാകെ നീതി. ദൈവാധികാരമില്ലാതെ ചെയ്യുന്നത് ദോഷമാണ്. അതാണ് കയ്യിൻ ചെയ്തത്, അതിനാൽ അവന്റെ പ്രവൃത്തി ദോഷമുള്ളതായി.

കയ്യീനും ഹാബേലും യാഗം അർപ്പിച്ചതു യഹോവക്കായിരുന്നു (ഉൽപത്തി 4:3, 4). തങ്ങളുടെ വഴിപാടുമായി വന്നു ദൈവത്തെ നമസ്ക്കരിക്കുവാനാണ് രണ്ടുപേരും ആഗ്രഹിച്ചത്. തീർച്ചയായും ആരാധിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നതോടൊപ്പം അത് അവനെ പ്രസാദിപ്പിക്കുന്നതുകൂടെ

ആയിരിക്കണമെന്ന് അവന് നിർബ്ബന്ധമുണ്ട്.

ഉൽപത്തി പുസ്തകത്തിൽ യാഗം കഴിക്കുവാനായി യാഗപീഠം പണിയുവാൻ ആവശ്യപ്പെട്ടതായി പറയുന്നുണ്ടെങ്കിലും അതിൽ യാഗം കഴിക്കേണ്ടതെന്തെന്ന് പലപ്പോഴും പറയുന്നില്ല (ഉൽപത്തി 12:7, 8 [13:4]; 13:18; 26:25; 33:20; 35:1–3, 7 നോക്കുക). ന്യായപ്രമാണം നൽകുന്നതിനു മുൻപ് യാഗം കഴിക്കുന്നതിനെ കുറിച്ചു പറയുമ്പോൾ മൃഗങ്ങളെ അർപ്പിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത് (ഉൽപത്തി 8:20; 22:9–13). ആ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഹാബേൽ അർപ്പിച്ച മൃഗയാഗമായിരുന്നു ദൈവം ആവശ്യപ്പെട്ടിരുന്നത്, അല്ലാതെ കയ്യിൻ അർപ്പിച്ച കാർഷിക ഫലമായിരുന്നില്ല എന്നു നമുക്ക് തീർച്ചയാക്കാം.

കയ്യിനും ഹാബേലിനും ശേഷം, നോഹ ജലപ്രളയത്തെ തുടർന്നു ചെയ്യുന്നതിനിടക്ക് ആരാധനയെ കുറിച്ച് യാതൊന്നും പറയുന്നില്ല. ശേത്തിന്റെ അനുയായികൾ ആരാധിക്കുവാൻ തുടങ്ങി എന്നു നമുക്ക് അനുമാനിക്കാം, കാരണം അവർ “യഹോവയുടെ നാമം വിളിച്ചപേക്ഷിക്കുവാൻ തുടങ്ങി” (ഉൽപത്തി 4:26). തീർച്ചയായും ഹാനോക് ദൈവത്തെ ആരാധിച്ചിരുന്നു, കാരണം അവൻ “ദൈവത്തോടുകൂടെ നടന്നിരുന്നു” (ഉൽപത്തി 5:24). തുടർന്നുള്ള വർഷങ്ങളിൽ ആളുകൾ ദുഷ്പ്രവൃത്തിക്കാരായി തീർന്നു, എന്നാൽ നോഹക്ക് യഹോവയുടെ കൃപ ലഭിച്ചു (ഉൽപത്തി 6:5, 8).

ദൈവം പറഞ്ഞതുപോലെ നോഹ പെട്ടകം പണിതതിനാൽ, നോഹ ദൈവത്തിലുള്ള വിശ്വാസം പ്രകടമാക്കി (എബ്രായർ 11:7). പെട്ടകത്തിൽനിന്നു പുറത്തിറങ്ങിയ ഉടനെ നോഹ ആദ്യമായി ചെയ്തതു കാണുമ്പോൾ, ആ നീതിമാന്റെ ജീവിതത്തിലെ മുൻഗണന ദൈവത്തെ ആരാധിക്കുന്നതിനായിരുന്നു എന്ന് വ്യക്തമാക്കുന്നു (ഉൽപത്തി 8:20). ജലപ്രളയത്തിന്റെ മഹാവിപത്തിൽനിന്നു തന്റെ കുടുംബത്തെ രക്ഷിച്ച ദൈവത്തിന് അവൻ നന്ദിയുള്ളവനാണെന്ന് യാഗത്തിലൂടെ അവൻ കാണിച്ചുകൊടുത്തു. ദൈവം ആഗ്രഹിച്ചതുപോലെയുള്ള വിശ്വാസത്താലുള്ള അനുസരണം പ്രകടിപ്പിക്കുന്നതായിരുന്നു അവന്റെ യാഗങ്ങൾ എന്നും നമുക്ക് ഉറപ്പിക്കാം. അവൻ അർപ്പിച്ച ഹോമയാഗം ദൈവത്തിന് “സൗരഭ്യവാസനയായി തീർന്നു” (ഉൽപത്തി 8:21). നോഹയുടെ യാഗം ദൈവത്തിന് പ്രസാദകരമായി തീർന്നു എന്നാണ് അത് സൂചിപ്പിക്കുന്നത്.

മറ്റാരേക്കാളുമധികം അബ്രഹാം യാഗപീഠങ്ങൾ പണിതതായി ബൈബിൾ പറയുന്നു. അബ്രഹാം ദൈവത്തോടു കൂടുതൽ അടുത്തിരുന്നു എന്നും അവൻ എല്ലായ്പോഴും ദൈവത്തെ ആരാധിച്ചിരുന്നുവെന്നും അതു സൂചിപ്പിക്കുന്നു. അവൻ ഉണ്ടാക്കിയതായ യാഗപീഠങ്ങൾ ഒരിക്കൽ മാത്രമാണ് ഉപയോഗിച്ചതെന്നു പറയുന്നില്ല. അവൻ വീണ്ടും വീണ്ടും അവ ഉപയോഗിച്ചിരിക്കുവാനാണ് സാധ്യത. അവൻ പോയ സ്ഥലത്തെല്ലാം യാഗപീഠം പണിതതിനാൽ, ദൈവത്തെ ആരാധിക്കുക എന്നതു അവന്റെ മുൻഗണനയായിരുന്നു എന്നു മനസിലാക്കാം.

തങ്ങളുടെ മുൻഗാമിയായ അബ്രഹാമിനെപോലെ, യിസഹാക്കും യാക്കൊബും യാഗപീഠങ്ങൾ പണിതു. കർത്താവിന്റെ വഴികൾ തന്റെ മക്കളെ അബ്രഹാം പഠിപ്പിക്കുമെന്ന് ദൈവം അരുളിച്ചെയ്തിരുന്നു (ഉൽപത്തി 18:19). ദൈവത്തോടുള്ള അബ്രഹാമിന്റെ സമർപ്പണം അവന്റെ പിൻഗാമികളെ സ്വാധീനിച്ചിരുന്നു.

ആരാധനക്ക് ന്യായപ്രമാണങ്ങൾ നൽകുന്നതിനു മുൻപ്, യാഗപീഠങ്ങൾ

മാത്രമല്ല സഹായകരമായിരുന്നത്, ആൻഡ്രൂ ഹിൽ ചൂണ്ടിക്കാട്ടി,

> ... ഉൽപത്തി പുസ്തകത്തിൽ, പിതാക്കന്മാരുടെ മറ്റു ആരാധനാ രീതികളായ, കൽ നാട്ടലും മധുപാന നിവേദ്യവുമടക്കം (ജലതർപ്പണ യാഗം അല്ലെങ്കിൽ പാനിയയാഗം, 28:18, 22; 35:14), ദൈവിക വെളിപ്പാടിനോടുള്ള പ്രതികരണമായി പ്രതിജ്ഞ ചെയ്യൽ (28:20; 31:13), ദൈവത്തെ കാണുന്നതിനുള്ള ഒരുക്കമായുള്ള ശുദ്ധീകരണ ചടങ്ങ് (35:2) ഉടമ്പടി അനുസരിക്കുന്നതിന്റെ അടയാളമായുള്ള പരിച്ഛേദന (17:9–14), പുകഴ്ച്ചയും സ്തോത്രവുമായ പ്രാർത്ഥനകൾ (12:8; 13:4), യാചനയും (24:12; 25:21), അഭയയാചനയും (18:22–33; 20:7)[1] വിവരിക്കുന്നുണ്ട്.

ന്യായപ്രമാണത്തിനു മുൻപുള്ള ഏകപുരോഹിതനായി പറയുന്നത് മൽക്കിസെദേക്കിനെ മാത്രമാണ് (ഉൽപത്തി 14:18–20; എബ്രായർ 5:6). അല്ലെങ്കിൽ, പുരോഹിതന്മാരല്ല, കുടുംബത്തലവന്മാരായിരുന്നു യാഗങ്ങൾ അർപ്പിച്ചിരുന്നത്. ഇയ്യോബ് തന്റെ കുടുംബത്തിനുവേണ്ടി യാഗമർപ്പിച്ചിരുന്നു, അവന്റെ സ്നേഹിതന്മാരും യാഗം അർപ്പിച്ചിരുന്നു (ഇയ്യോബ് 1:5; 42:7–9).

### സംക്ഷിപ്തം

ആരംഭകാലം മുതൽ ദൈവം മനുഷ്യർക്ക് ചെയ്ത ഉപകാരങ്ങൾക്ക് അനുമോദനമായി അവർ ദൈവത്തിന് കാഴ്ച്ചകൾ കൊടുത്തിരുന്നു. ദൈവത്തിന്റെ വീര്യപ്രവർത്തികൾക്കുള്ള അനുമോദനമായിട്ടായിരുന്നു ന്യായപ്രമാണത്തിനു മുൻപുള്ള ആരാധന. അക്കാലത്ത് യാഗപീഠത്തിന്മേലുള്ള യാഗമായിരുന്നു പ്രാഥമികമായ ആരാധന എങ്കിലും, മുഖ്യമായ ആരാധനാ കേന്ദ്രം ദൈവമായിരുന്നു. അവൻ നല്ല, വലിയ ദൈവം ആകയാൽ അവനെ പുകഴ്ത്തുവാനും ആദരിക്കുവാനും, ബഹുമാനിക്കുവാനും ആളുകൾ ശ്രമിച്ചിരുന്നു. ആരാധനയിൽ വരയോ, രൂപമോ ഉപയോഗിച്ചിരുന്നില്ല; ആരാധനാ കേന്ദ്രം ദൈവം മാത്രമായിരുന്നു.

---

കുറിപ്പ്

[1]ആൽഡ്രൂ ഈ. ഹിൽ, *എന്റർ ഹിസ് കോർട്ട്സ് വിത്ത് പ്രെയിസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1993), 33. ഹിൽ, ദൈവത്തെ ആരാധിക്കുന്നതിൽ പരിച്ഛേദന ഒരുപക്ഷെ ഉൾപ്പെടുത്തിയിരിക്കയില്ല. ഒരു അടിമ യജമാനനെ അനുസരിക്കുന്നതും ആരാധിക്കുന്നതും വ്യത്യാസമുള്ളതുപോലെയാണ്, ദൈവത്തെ അനുസരിക്കുന്നതും ആരാധിക്കുന്നതും വ്യത്യസ്തമായിരിക്കണം.